**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1399** **19-09-2025 - ൽ മറുപടിയ്ക്ക്**

**കുറ്റിക്കാട്ടൂർ വില്ലേജ് ഓഫീസ് നിർമ്മിക്കാൻ വിട്ടുനൽകിയ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് താലൂക്ക് കുറ്റിക്കാട്ടൂർ വില്ലേജ് പരിധിയിൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശത്തിലുള്ളതും വ്യക്തികൾ താമസിച്ചു വരുന്നതുമായ ഭൂമിയിൽ നിന്ന് കുറ്റിക്കാട്ടൂർ വില്ലേജ് ഓഫീസ് നിർമ്മിക്കാൻ എത്ര സെന്റ് സ്ഥലമാണ് റവന്യൂ വകുപ്പിന് വിട്ടുനൽകിയതെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് താലൂക്ക് കുറ്റിക്കാട്ടൂർ വില്ലേജിലെ വെള്ളിപറമ്പ് ദേശത്ത് റി.സ 26/1 ബി യിൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശത്തിലുള്ള സ്ഥലത്ത് നിന്ന് 10 സെന്റ് ഭൂമി കുറ്റിക്കാട്ടൂർ വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പിലേക്ക് കൈമാറിയിട്ടുണ്ട്. |
| (ബി) | ഈ സ്ഥലത്ത് വർഷങ്ങളായി താമസിച്ചു വരുന്നവർക്ക് പട്ടയം നൽകുന്നതിന് പ്രസ്തുത സ്ഥലത്തിൽ ബാക്കിയുള്ള ഭൂമി റവന്യൂ വകുപ്പിന് കൈമാറുന്ന വിഷയം പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | പ്രസ്തുത സ്ഥലത്ത് വർഷങ്ങളായി താമസിച്ച് വരുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി, പൊതുമരാമത്ത് വകുപ്പ് - റവന്യൂ വിഭാഗങ്ങൾ സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു . |

സെക്ഷൻ ഓഫീസർ